UNSTARRED QUESTIONS AND ANSWERS
Posted for answer on 13-10-1955.

അതിർത്തിത്തക്കം.

215. [1] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലുപ്പാറ പകുതിയുടേയും, സർക്കാർ സ്ഥലത്തിന്റേയും അതിർത്തിത്തക്കം സംബന്ധിച്ച് ശവണ്ണൻറം ഇടപ്പള്ളിയും ആയുണ്ടായ കേസിൽ ശവണ്ണൻറിന് അവകാശം സ്ഥാപിച്ചു കിട്ടിയ സ്ഥലത്തിന്റെ വിസ്തീർണ്ണം എത്ര ;

(ബി) ശവണ്ണൻറിന് വിട്ടുകിട്ടിയ സ്ഥലത്തു് എത്ര താമസക്കാരുണ്ടു് ;

(സി) അവരുടെ കൈവശത്തിന്റെ പഴക്കം എന്തു് ;

(ഡി) അങ്ങിനെയുള്ള താമസക്കാരുടെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ചു് എന്തു നടപടിയാണു് ശവണ്ണൻറ് എടുക്കാൻ ഉദ്ദേശിക്കുന്നതു് ;

(ഇ) നൂറും നൂറിയൻപതും വർഷമായി വസ്തു അനുഭവിച്ചുകൊണ്ടിരിക്കുന്ന അനേകം കുടിയാന്മാർ ഈ വസ്തുക്കളിൽ താമസമുണ്ടെന്നു് ശവണ്ണൻറിനറിവുണ്ടോ ?

ഉത്തരം.

(എ) 1322 ഏക്കർ 3 സെൻറ്.

(ബി) വിട്ടുകിട്ടിയ സ്ഥലത്തിന്റെ സർവ്വെ പൂർത്തിയാക്കി അതിർത്തിനിർണ്ണയിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ അവിടെ ആകെ എത്ര താമസക്കാരുണ്ടെന്നു് ഇപ്പോൾ പറയുവാൻ നിവർത്തിയില്ല.

(സി) ഓരോ കൈവശത്തിന്റെയും പഴക്കം എത്ര എന്നു് തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല.

(ഡി) തീരുമാനിച്ചു കഴിഞ്ഞിട്ടില്ല.

(ഇ) സി-യുടെ ഉത്തരംമൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തുകൾക്കു് സ്പെഷ്യൽ ഗ്രാൻറ്.

216. [2] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 മാർച്ചു് മാസത്തിൽ തിരുവിതാംകൂർ-കൊച്ചിയിലെ പഞ്ചായത്തുകൾക്കു് 200 രൂപവീതം സ്പെഷ്യൽ ഗ്രാൻറായി അനുവദിച്ചിട്ടുണ്ടോ ;

(ബി) ഈ തുക എത്ര പഞ്ചായത്തുകൾക്കു് ലഭിച്ചിട്ടുണ്ടു് ;

(സി) ഈ തുക കിട്ടാത്ത പഞ്ചായത്തുകൾ ഉണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം പഞ്ചായത്തുകൾക്കാണു് കിട്ടാതെ പോയതു് ?

LIBRARY ARCHIVES Kerala Legislative Assembly